**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:...........................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.9/365/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 04952371012

തീയതി.12.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല- 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നംകെ.എസ്.എ.കെ.കെ.ഡി. പി.9/365/2020 തീയതി.12.05.2020

**കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.10.2018 മുതൽ 09.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 20.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഇ.വി. ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രബോധ് കുമാർ ഇ.എം. | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല സി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.പി. ബിജു | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ. ഷാജി.എം. സ്റ്റീഫൻ | 01.04.2018മുതൽ23.06.2018 വരെ |
| | ശ്രീ. വിനോദ് കുമാർ ടി.എം. | 24.06.2018മുതൽ 31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അനിൽ കുമാർ എൻ. | 0104.2018 മുതൽ 21.06.2018വരെ |
| | ശ്രീ. മുജീബ് പി.സി. | 05.07.2018മുതൽ31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സതീഷ് ബാബു | 01.04.2018മുതൽ 14.05.2018വരെ |
| | വിഷ്ണു എസ്. കുമാർ | 15.05.2018മുതൽ 16.01.2019വരെ |
| | കെ. രവീന്ദ്രൻ | 24.01.2019മുതൽ26.03.2019 വരെ |
| | ആര്യ | 27.03.2019മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | രേഷ്മ എൻ. | 01.04.2018മുതൽ31.08.2018 വരെ |
| | ജിജോ ജോസഫ് ടി.ജെ. | 31.08.2018മുതൽ 08.11.2018വരെ |
| | അഥീന എ. | 08.11.2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ | ഷാജി കെ. | 01.04.2018മുതൽ 05.01.2019വരെ |

| | | |
|---|---|---|
| | ജംഷീർ ഇ.<br>വിശ്വൻ യു<br>നൈന പി.കെ.ശിവൻ | 15.01.2019മുതൽ 13.02.2019വരെ<br>14.02.2019മുതൽ 31.03.2019വരെ<br>25.02.2019മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | രജനി പി.<br>സന്ധ്യ കെ.<br>ഷീന<br>നിമ്മി എം.കെ. | 01.04.2018മുതൽ 11.06.2018വരെ<br>12.06.2018മുതൽ 31.07.2018വരെ<br>01.08.2018മുതൽ15.09.2018വരെ<br>15.09.2018മുതൽ31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ. റസീന മന്നത്ത് | 01.04.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. മാധവശർമ്മ ബിനോയ്<br>ഡോ. കമറുദ്ദീൻ | 01.04.2018മുതൽ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സീന ബി. മാത്തിൽ | 01.04.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. പ്രശോഭ് കുമാർ കെ.സി. | 01.04.2018മുതൽ12.07.2018വരെ |
| | ഡോ. ബിജി യു.പി<br>ഡോ. സി.ബി. രവീന്ദ്രൻ | 12.07.2018മുതൽ19.07.2018വരെ<br>20.07.2018മുതൽ31.03.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശിവദാസൻ കെ. | 01.04.2018മുതൽ31.03.2019വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി – വാണിജ്യസ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല. | 1-12 |
| 13 | വി.ഇ.ഓയുടെ പദ്ധതി നിർവ്വഹണം 11 ൽ 6 പദ്ധതികളും നടപ്പിലാക്കിയില്ല. | 1-13 |
| 14 | പദ്ധതി നിർവ്വഹണം തുക കൈമാറുന്നതിൽ മാത്രം ഒതുക്കി – രേഖകൾ ഹാജരാക്കിയില്ല – 6 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 15 | പച്ചക്കറികൃഷി – ഗ്രോ ബാഗ് വിതരണം – പിരിച്ചെടുത്ത് ഗുണഭോക്തൃവിഹിതം വിനിയോഗിച്ചില്ല. | 1-15 |
| 16 | കുടിവെള്ള പദ്ധതികൾ – ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല | 1-16 |
| 17 | സി.ഡി.എസ്. ചെയർപേഴ്സന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാത്ത തുക | 1-17 |

| | | |
|---|---|---|
| 18 | കൊസ്റ്റ് ഇൻഡക്സിൽ വന്ന കുറവിനനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിച്ചില്ല | 1-18 |
| 19 | മരാമത്ത് പ്രവ്യത്തി – പൊതു അപാകതകൾ | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-20 |
| 21 | അങ്കണവാടി – അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സുരക്ഷ ഉറപ്പു വരുത്തുന്നതിലെ അലംഭാവവും | 1-21 |
| 22 | ഗ്രാന്റ് പേരന്റിംഗ് – പ്രൊജക്ടിൽ പരാമർശിക്കാത്ത പ്രവൃത്തിയ്ക്ക് തുക വിനിയോഗിച്ചതും മറ്റ് അപാകതകളും | 1-22 |
| 23 | ഭൂമി ഏറ്റെടുക്കൽ – തുടർ നടപടികൾ സ്വീകരിച്ചില്ല – ആവശ്യകത വ്യക്തമല്ല. | 1-23 |
| | **ഭാഗം 2 വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-5 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-7 |
| 31 | സാക്ഷ്യപത്രം | അനുബന്ധം |


# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

24.03.2018തീയതിയിലെ 1(1)/18ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.02.2019തീയതിയിലെ 1(2)/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകതകൾ പരിഹരിക്കാൻ തിരിച്ച് അയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2019 | ---- | ---- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 63,27,423 |
| വരവ് | 6,48,25,018 |
| ആകെ | 7,11,52,441 |

| | |
|---|---|
| ചെലവ് | 6,22,83,133 |
| നീക്കിയിരിപ്പ് | 88,69,308 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | ---- | 14931000 | 14931000 | 13695523 | 1235477 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | ---- | 7304000 | 7304000 | 5312202 | 1491284 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | ---- | 73000 | 73000 | | 73000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | --- | 8359000 | 8359000 | 7089863 | 1269137 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | --- | 3010000 | 3010000 | 2841661 | 168339 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | ---- | 6929000 | 6929000 | 5874837 | 1054163 |
| കുറിപ്പ് – ഈ നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി | | | | | | |
| ദുരിതാശ്വാസനിധി | | 16287 | 648 | 16935 | --- | 16935 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | --- | 66490902 | 66490902 | 66490902 | ---- |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 6784 | 1756349 | 1763133 | 1763133 | ---- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - ടി.എസ്.സി | | 980100 | ---- | 980100 | ---- | 980100 |
| ഐ.സി.ഡി.എസ് | | 596106 | 823479 | 1419585 | 1187693 | 231892 |
| എം.പി എൽ.എ.ഡി | | 12638 | 401082 | 413720 | 361158 | 52562 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - കേരളോത്സവം | | ---- | 20000 | 20000 | 20000 | ---- |
| ബഡ്സ് | | ---- | 1250000 | 1250000 | ---- | 1250000 |
| വിമുക്തി | | 12500 | 25000 | 37500 | 8000 | 29500 |
| സാക്ഷരത | | 106107 | 3891 | 109998 | ---- | 109998 |
| ശുചിത്വ മിഷൻ | | --- | 1366696 | 1366696 | ---- | 1366696 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ---- | 600000 | 600000 | 600000 | ---- |
| | ജില്ലാ പഞ്ചായത്ത് | 40000 | 1868633 | 19086333 | 1730000 | 178633 |
| ബി ഫണ്ട് | | ---- | 512520 | 512520 | 512520 | ---- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ---- | 9279744 | 9279744 | 9279744 | ---- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1789798 | 5073376 | 6863174 | 5102316 | 1760858 |
| | ട്രഷറി അക്കൗണ്ട് | 663854 | 4301854 | 4965708 | 2993914 | 1971794 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 8,68,23,539 | 97 | 4,52,22,977 | 13 | 46 | 62.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6784 | 1756349 | 1763133 | 1739611 | 23522 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ---- | 66490902 | 66490902 | 66490902 | ---- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 422520 | 196 |
| കർഷകതൊഴിലാളി പെൻഷൻ | 10790500 | 856 |
| വിധവാപെൻഷൻ | 11062800 | 905 |
| വാർദ്ധക്യകാലപെൻഷൻ | 15543500 | 1362 |
| വികലാംഗപെൻഷൻ | 3843600 | 305 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 247600 | 20 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.03.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ വരവ്, ചെലവ്, ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ വർക്കിംഗ് ഗ്രൂപ്പ്/ സ്റ്റാൻഡിംഗ് കമ്മിറ്റി/ ഭരണസമിതി മിനുട്സുകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും വിഷയങ്ങളിൽ താഴെ പറയുന്ന രൂപത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

1. തനത് വരുമാനം പൊതുവെ കുറവായ ഇവിടെ വസ്തു നികുതി വർദ്ധിപ്പിക്കുന്നതിനും ഈടാക്കുന്ന വസ്തുനികുതിയിലെ പാകപ്പിഴ പരിഹരിക്കുന്നതിനും യാതൊരു സംവിധാനവും ഏർപ്പെടുത്തിയില്ല.

2. ഗ്രാമപഞ്ചായത്തിലെ ആസ്തികൾ സംബന്ധിച്ച വിവരം കാണിക്കുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. ആയതിനാൽത്തന്നെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ ശരിയായ വിവരം ലഭ്യമല്ല. ഉദാഹരണമായി നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കലില്ല.

3. പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും നിരവധി തവണ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായ 11 പദ്ധതികളിൽ തൻവർഷം 5 പദ്ധതികൾ മാത്രമേ നടപ്പിലാക്കിയുള്ളൂ.

4. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, യോഗങ്ങൾ അവസാനിച്ചതായി രേഖപ്പെടുത്തുകയോ ആയത് കൺവീനറോ മറ്റ് അധികാരികളോ ഒപ്പ് വെച്ചതായും കാണുന്നില്ല. കൂടാതെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മരാമത്ത് പ്രവൃത്തികളുടെ പട്ടിക വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുമില്ല.

5. ഭരണസമിതി യോഗങ്ങളിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ യോഗങ്ങളിലും സജീവമായ ചർച്ചകളും ഫലപ്രദമായ തീരുമാനങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും തീരുമാനങ്ങൾ പിന്നീട് നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മേൽ പറഞ്ഞ തരത്തിലുള്ള വീഴ്ചകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക്, ഇത്തരം വീഴ്ചകൾ ഭാവിയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രത്യേകിച്ചും ഭരണസമിതി കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയോ/ നടപടികൾ സ്വീകരിച്ചോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2019 | 01/2019 | 11.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.09.2010 | 2005-2006 | ലഭ്യമല്ല |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

.1) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ 630000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ജില്ല,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ 336598/- രൂപ (158065+178633) മാത്രമേ ബാധ്യതയായി അവശേഷിക്കുന്നുള്ളൂ.

4) തനത് ഫണ്ട് അക്കൗണ്ടിൽ (ബാങ്ക്/ട്രഷറി) വാർഷിക കണക്കു പ്രകാരമുള്ള നീക്കിയിരിപ്പ് 3685203/- രൂപയാണ്(1713409+1971794).എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പഞ്ചായത്തിൽ പ്രത്യേകാവശ്യങ്ങൾക്ക് വേണ്ടി ലഭിച്ച തുകകളിൽ ചെലവഴിക്കാതെ തനത് ഫണ്ടിൽ 4990688/- രൂപ അവശേഷിക്കുന്നുണ്ട്.

5) ജില്ല-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ, സർക്കാരിൽ നിന്നും ലഭിച്ച മറ്റ് ഗ്രാന്റുകൾ എന്നിവയുടെ വരവ്-വിനിയോഗം എന്നിവ കാണിക്കുന്ന എ.സി.ആർ പഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ ഈയിനങ്ങളിലുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6) പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ 2017-18 സാമ്പത്തികവർഷത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക ഇല്ല.എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 36482/- രൂപ കുടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

7) സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8) 2017-18 ലെ പ്രോപ്പർട്ടി ടാക്സ് ഇനത്തിലെ അഡ്വാൻസ് കളക്ഷൻ 175871/- രൂപയാണ്.2018-19 ലെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക 54421/- രൂപയും അഡ്വാൻസ് കളക്ഷൻ തുക10725/- രൂപയുമാണ്.ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം 2018-19 ൽ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ ലഭിക്കേണ്ട ബാലൻസ് തുക 132175/- രൂപയാണ്.എന്നാൽ 2018-19 ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ-ബി-9 പ്രകാരം ബാലൻസ് തുക 166952/- രൂപയാണ്.34777/- രൂപയുടെ വ്യത്യാസം നില നിൽക്കുന്നു.

9) വാർഷിക കണക്ക് പ്രകാരം സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എത്ര ശതമാനമാണെന്നോ ആസ്തികളുടെ ബുക്ക് വാല്യൂ എത്രയാണെന്നോ സംബന്ധിച്ച് വിവരങ്ങളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.

10) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), ക്യാഷ് ഫ്ലോ-സ്റ്റേറ്റ്മെന്റ് ,പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കേ. പ. രാ നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്), 1996 ലെകേ.പ.രാ ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും , ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും, വാണിജ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നതുമില്ല. നിലവിൽ ഡി. ആന്റ്. ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. സ്ഥാപന മേധാവിയിൽ നിന്നും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാൻഡ് ചെയ്യുന്നതിന് പകരം ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കി തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും, വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കു പ്രകാരം, ഗ്രാമപഞ്ചായത്തിൽ നിലവിൽ വാണിജ്യ വിനിയോഗക്രമമുള്ള 1471 കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ 298 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 295 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കി. ഇത് മിക്കവാറും അതത് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽനികുതിയാണ്. സ്ഥാപനങ്ങളുടെ തൊഴിൽനികുതി അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്. ശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല. കൂടാതെ, ഡി. ആന്റ് . ഒ ലൈസൻസ് അപേക്ഷക്കൊപ്പം ഹാജരാക്കുന്ന വാടകക്കരാർ പ്രകാരം പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന വ്യക്തികൾ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നതായി കാണുന്നു. ഇത്തരം വ്യക്തികൾക്ക് നോട്ടീസ് നൽകി വരുമാന പത്രികകൾ വാങ്ങി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി വരവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്തേണ്ടതുമാണ്.

## 1-13 വി.ഇ.ഒ യുടെ പദ്ധതി നിർവ്വഹണം - 11 ൽ 6 പദ്ധതികളും നടപ്പിലാക്കിയില്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം 11 പദ്ധതികൾ ആവിഷ്കരിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 5 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. പദ്ധതികളുടെ നിർവ്വഹണത്തിനായി 2,78,77,643 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 1,01,00,000 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1. | 32/18-19 | വീട് റിപ്പയർ എസ്.സി.പി | 10,50,000 | എസ്.സി.പി |
| 2. | 148/18-19 | ഇ.എം.എസ് ഭവന പദ്ധതി പൂർത്തീ കരണം | 36,500 | പൊതുവിഭാഗം സാധാരണവിഹിതം |

| | | | | |
|---|---|---|---|---|
| 3. | 150/1819 | ലൈഫ് ഭവന പദ്ധതി - പൊതുവിഭാഗം | 1,19,586 | തനത് ഫണ്ട് |
| 4. | 151/18-19 | ലൈഫ് ഭവന പദ്ധതി - എസ്.സി.പി | 2,55,000 | എസ്.സി.പി- 2,51,500 + തനത് ഫണ്ട് - 3,500 |
| 5. | 176/1819 | എസ്.സി കോളനി വിഭാഗക്കാരുടെ ടോയ് ലറ്റ് നിർമ്മാണം (മഴക്കെടുതിയിൽ തകർന്നത്) | 3,08,000 | സി.എഫ്.സി - 2,95,200 + തനത് ഫണ്ട് - 12,800 |
| 6. | 184/18-19 | ആകാശഗംഗ (കിണർ റീചാർജ്ജിംഗ്) | 10,70,000 | സി.എഫ്.സി - 4,00,000 + ബ്ലോ.പവിഹിതം -3,35,000 + ജി.പ വിഹിതം- 3,35,000 |

മേൽ പട്ടികയിലെ ക്രമ നം.1 ആയി കാണിച്ച "വീട് റിപ്പയർ എസ്.സി" എന്ന പദ്ധതിക്ക് 121 പേരെയും ക്രമ നം.6 ആയി ചേർത്ത "ആകാശഗംഗ" പദ്ധതിയുടെ ഗുണഭോക്താക്കളായി 228 പേരെയും തെരെഞ്ഞെടുത്തിട്ടുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 22.2.2019 ലെ തീരുമാനം നം.7/19 പ്രകാരം, 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കിണർ റീചാർജ്ജിംഗ് എന്ന പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുകൂട്ടിയതിൽ പങ്കെടുത്ത, പദ്ധതിയിൽ താൽപര്യമുള്ള വ്യക്തികളോട് ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിനും പദ്ധതി പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് വി.ഇ.ഒ യോട് നിർദ്ദേശിക്കാനും തീരുമാനിച്ചു. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കാതെ, പ്രവൃത്തി ഗുണഭോക്താക്കൾ തന്നെ ചെയ്യുന്നതിനും പൂർത്തീകരിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയപ്രകാരം തുക അനുവദിക്കുന്നതിനും ഭരണസമിതിയുടെ 20.03.2019 ലെ യോഗത്തിൽ തീരുമാനിച്ചു [നം.1(1)]. എന്നാൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഒരു കിണർ പോലും റീ ചാർജ്ജ് ചെയ്തില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിലെ മുഴുവൻ കിണറുകളും റീ ചാർജ്ജ് ചെയ്യാൻ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6-5 ൽ [സ.ഉ.(കൈ)നം.22/2018/തസ്വഭവ14.02.2018] നിർദ്ദേശിക്കുന്നുണ്ട്.

മേൽ പട്ടികയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ വിശദീകരണം ബന്ധപ്പെട്ട വി.ഇ.ഒ യിൽ നിന്ന് ലഭ്യമാക്കി ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 പദ്ധതി നിർവ്വഹണം തുക കൈമാറുന്നതിൽ മാത്രം ഒതുക്കി - രേഖകൾ ഹാജരാക്കിയില്ല – 6 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകൾക്കുമായി 6 ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച രേഖകളോ പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിവരമോ ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 36/18, പ്ലാസ്റ്റിക് മാലിന്യ ശേഖരണം |
| അടങ്കൽ | 5,00,000 (സി.എഫ്.സി- 3,00,000 + ഗുണഭോക്തൃ വിഹിതം- 2,00,000) |
| ചെലവ് | 3,00,000 (സി.എഫ്.സി) |
| ബിൽനം. | |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി ട്രഷറിയിൽ നിന്ന് 3 ലക്ഷം രൂപ പിൻവലിക്കുകയും ഈ തുക ഹരിതകർമ്മസേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (സിൻഡിക്കേറ്റ് ബാങ്ക്, ചെറുവണ്ണൂർ, നം.44122200117469) 29.11.2018 ന് കൈമാറുകയുമാണുണ്ടായത്. ഹരിതകർമ്മ സേനയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ 06.12.2018 ന് ഒരു ലക്ഷം രൂപ പിൻവലിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചെലവ് പത്രിക

പ്രകാരം മേൽ പ്രോജക്ടിനായി 3 ലക്ഷം രൂപ ചെലവഴിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ തൻവർഷം ഒരു ലക്ഷം രൂപ മാത്രമാണ് ഹരിതകർമ്മസേന ചെലവഴിച്ചത്. ആയതിന്റെ വൗച്ചർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമല്ല. ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന നിലയ്ക്കാണ് തുക നൽകിയിരിക്കുന്നത് എങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | 104/18, വനിതാ കാന്റീൻ |
| അടങ്കൽ | 6,00,000 (സി.എഫ്.സി- 3,00,000 + ഗുണഭോക്തൃ വിഹിതം- 3,00,000) |
| ചെലവ് | 3,00,000 (സി.എഫ്.സി) |
| ബിൽനം. | 10/25.03.2019 |

മേൽ പ്രോജക്ടിന്റ നടത്തിപ്പിനായി 3 ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ചതോ പദ്ധതി പ്രവർത്തനം സംബന്ധിച്ചതോ ആയ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഈ സാഹചര്യത്തിൽ 6 ലക്ഷം രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം 6 ലക്ഷം രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-15 പച്ചക്കറി കൃഷി - ഗ്രോ ബാഗ് വിതരണം - പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 96/19, പച്ചക്കറി കൃഷി - ഗ്രോ ബാഗ് വിതരണം |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 80,000 രൂപ – വികസന ഫണ്ട് - 50,000 രൂപ, ഗുണഭോക്തൃ വിഹിതം - 30,000 രൂപ ) |
| ചെലവ് | 31,200 രൂപ ( ബിൽ നമ്പർ 5/18-19 തീയതി 24.01.2019 ) ( വികസന ഫണ്ട് ) |

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പച്ചക്കറി കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോ ബാഗുകൾ വിതരണം ചെയ്യാനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഈ പ്രോജക്ട് പ്രകാരം 80 രൂപ വീതം വിലയുള്ള 390 ഗ്രോ ബാഗുകൾ കർഷകർക്കായി വാങ്ങി നൽകിയിട്ടുണ്ട്. ( ആകെ 31,200 രൂപ ) ഇതിനായി ഗുണഭോക്താക്കളായ 78 കർഷകരിൽ നിന്നും 150 രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. ( ആകെ 11,700 രൂപ ( 78 x 150 )) എന്നാൽ ഈ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ പ്രോജക്ടിലെ മുഴവൻ ചെലവും ( 31,200 രൂപ ) വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നടത്തുകയായിരുന്നു. ഇത് പദ്ധതി / സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിനാൽ ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ച 11,700 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-16 കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല

2018-19 വർഷത്തെ വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - ഷെഡ്യൂൾ RP 4 - Fees and User Charges - ഷെഡ്യൂളിലെ 140500101 ഹെഡ് പ്രകാരം 6,500 രൂപ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ട്. എന്നാൽ ഇത് ഏത് കുടിവെള്ള പദ്ധതിക്കായി ആരിൽ നിന്നും സ്വീകരിച്ചു എന്ന് അറിയാൻ കഴിയുന്നില്ല. കുടിവെള്ള പദ്ധതികൾ സംബന്ധിച്ച രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വെള്ളക്കരം ഇനത്തിൽ 2018-19 വർഷം ലഭിച്ച 6,500 രൂപ ഏത് കുടിവെള്ള പദ്ധതിക്കായി ലഭിച്ചതാണ് എന്ന് കണ്ടെത്തേണ്ടതും മെച്ചപ്പെട്ട പരിപാലനത്തിനായി ഈ കുടിവെള്ള പദ്ധതിയുടെ പരിപാലന ചുമതല ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് ആയതിനെ ഏൽപ്പിക്കേണ്ടതുമാണ്.

## 1-17 സി.ഡി.എസ് ചെയർപേഴ്സന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാത്ത തുക - 21.76 ലക്ഷം രൂപ

ഭവനശ്രീ പദ്ധതിയുടെ കുടിശ്ശിക തുക നൽകുന്നതിനായി 21,76,983 രൂപയുടെ ഒരു ചെക്കും (നം. 25763/07.07.2017) 21,76,983.50 രൂപയുടെ മറ്റൊരു ചെക്കും (നം. 25764/07.07.2017) ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ആയതിന്റെ വിവരം 20.07.2017 ൽ കാഷ് ബുക്കിലും 21.07.2017 ൽ ചെക്ക് കൈപ്പറ്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ സി.ഡി.എസ് ചെയർപേഴ്സന്റെ പേരിലുള്ള ചെറുവണ്ണൂർ സഹകരണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 2650) 31.07.2017 ന് വരവ് വന്നിട്ടുമുണ്ട്. ഇതിൽ ഒരു ചെക്ക് മുഖേന ലഭിച്ച തുക മുഴുവനായും ഭവനശ്രീ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നു. മേൽ ഗുണഭോക്താക്കൾക്കുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. മേൽ പറഞ്ഞ തുകകൾ ഏത് ഏജൻസിയിൽ നിന്നാണ് ലഭിച്ചതെന്ന് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. സി.ഡി.എസ് ചെയർപേഴ്സന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ അവസാനമായി ഇടപാട് നടന്നത് 18.11.2019 നാണ്. അന്നേ ദിവസം 26,71,603.50 രൂപയുടെ നീക്കിയിരുപ്പുമുണ്ട്.

ഈ സാഹചര്യത്തിൽ, വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിർജ്ജീവമായി കിടക്കുന്ന തുക ഏത് സ്ഥാപനത്തിൽ നിന്നാണ് ലഭിച്ചതെന്ന് അറിയിക്കേണ്ടതും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതല്ലെങ്കിൽ ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കി വിശദാംശം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവിനനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ താഴെ പറയുന്നവയിൽ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് കണക്കാക്കിയത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 ലെ CE/Admn /PLA/EMP/1014(a)/05 നം. ഉത്തരവ് പ്രകാരം 1.10.2017 മുതൽ കോഴിക്കോട്, വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയത് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ ചില പ്രൊജക്ടുകളിൽ കോഴിക്കോടിന് ബാധകമായ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവർത്തികൾ ഏല്പിച്ചു കൊടുത്തിരിക്കുന്നത് പ്രാബല്യതീയ്യതി കഴിഞ്ഞാണ്. ആയത് പ്രകാരം കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തേണമായിരുന്നു. 2018-19 ൽ കരാർ വച്ച പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ കോഴിക്കോട് മേഖലയ്ക്ക് ബാധകമായ പുതിയ നിരക്കിലാണ് (37.25 %) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം, 1.10.2017 ന ശേഷം കരാർ ചമച്ച്, പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 37.25 % ന പകരം 42.16% കോസ്റ്റ് ഇൻക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെ ചേർത്ത പ്രൊജക്ടുകളിൽ അധികതുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്.

ഇപ്രകാരം പ്രവൃത്തികൾക്ക് അധികം നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | കരാർ നം/ തീയതി/എം. | ആകെ ചെലവ് | അവസാന ബിൽ തുക,ബിൽ നം | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ബുക്ക് നം. | | തീയതി | (മോണിട്ടറിംഗ് റിപ്പോർട്ട്) |
| 1 | 38/17-18, വടക്കെ പിലാക്കാട്ട് - കേളോത്ത് താഴ റോഡ് | 19.02.18<br>490/17-18 | 3,86,300 | 5/17.08.2018 | 26.04.2018 |
| 2 | 23/17-18, പന്നിമുക്ക് - പമ്പ് ഹൗസ് റോഡ് | 08.02.18<br>502/17-18 | 4,46,125 | 39/19.12.2018 | 11.05.2018 |
| 3 | പ്രോജക്റ്റ് നം -127/19,<br>ഭഗവതിക്കോട്ട ഹൈസ്കൂൾ- വരിക്കോളിച്ചാലിൽ റോഡ് | 28/17-18,<br>08.02.2018,<br>512/17-18 | 1,85,000 | 4/17.08.2018 | 03.05.2018 |
| 4 | പ്രോജക്റ്റ് നം.61/19,<br>- ആവള ഹൈസ്കൂൾ - ഒതയച്ചംകണ്ടി റോഡ് | 01/18-19,<br>19.06.2018,<br>280/18-19 | 4,25,335 | 18/28.11.2018 | 02.03.2019 |
| 5 | പ്രോജക്റ്റ് നം -158/2019<br>പട്ടയാട്ട് മുക്ക് - നിരപ്രം അംഗൻവാടി റോഡ് | 34/17-18,<br>09.02.18<br>255/18-19 | 2,70,430 | 50/08.03.2019 | 05.11.2018 |
| 6 | പ്രോജക്റ്റ് നം 83/18 കക്കറ മുക്ക് മഠത്തിൽ താഴ റോഡ് | 79/17-18<br>27.03.2018,<br>252/18-19 | 2,45,000 | 48/08.03.2019 | 27.11.2018s |
| 7 | പ്രോജക്റ്റ് നം -140/2019<br>കൊയമ്പ്രത്ത് മുക്ക് - കുന്നോത്ത് കുളങ്ങര റോഡ് | 54/17-18,<br>16.03.2018<br>251/18-19, | 5,47,933 | 42/22.02.2019 | 29.10.2018 |
| 8 | പ്രോജക്റ്റ് നം -75/2018<br>കണ്ണിപ്പൊയിൽ മുക്ക് മഖാം പള്ളി മനയിൽ മുക്ക് റോഡ് | 42/17-18,<br>12.03.2018,<br>486/17-18 | 10,83,543 | | 26.03.2018 |
| 9. | പ്രോജക്റ്റ് നം -138/2019<br>ചുങ്കം പ്രാണിമുണ്ടക്കൽ റോഡ് | 40/17-18<br>12.03.2018,<br>494/17-18 | 4,40,000 | | 30.03.2018 |
| 10. | പ്രോജക്റ്റ് നം -137/2019<br>സാംസ്കാരിക നിലയം ചാനിയം കടവ് റോഡ് | 41/17-18<br>12.03.2018,<br>493/17-18 | 5,85,000 | | 28.03.2018 |

| | | | | | |
|---|---|---|---|---|---|
| 11. | പ്രോജക്റ്റ് നം -130/2019 ഈന്തൻ കണ്ടി കിഴക്കയിൽത്താഴ റോഡ് | 44/17-18 12.03.2018, 514/17-18 | 5,36,000 | 02/17.08.2018 | 08.08.2018 |
| 12. | പ്രോജക്റ്റ് നം -128/2019 തടത്തിൽമുക്ക് അങ്കണവാടി റോഡ് | 50/17-18 12.03.2018, 510/17-18 | 2,10,000 | 11/03.08.2018 | 27.04.2019 |
| 13. | പ്രോജക്റ്റ് നം -129/2019 പള്ളിക്കൽത്താഴ മത്തിൽമുക്ക് റോഡ് | 45/17-18 12.03.2018, 500/17-18 | 4,60,000 | 10/23.08. | 04.05.2018 |
| 14. | പ്രോജക്റ്റ് നം -126/2019 ചങ്ങരോത്ത് പൊയിൽ നാഗത്തുഭാഗം റോഡ് | 26/17-18 08.02.2018, 503/17-18 | 1,54,995 | | 08.02.2018 |
| 15. | പ്രോജക്റ്റ് നം -154/2019 ഇല്ലിപിലാക്കൂൽ മുക്ക് ചേലാട്ട് മുക്ക് റോഡ് | 22/17-18 08.02.2018, 509/17-18 | 3,41,410 | 34/07.12.2018 | 10.05.2018 |

മേൽ അപാകതക്ക് മറുപടി നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-19 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു

1. ടെണ്ടർ ഫോം ആർക്കാണോ നൽകുന്നത് അയാളുടെ പേര് വിവരങ്ങൾ ടെണ്ടർ ഫോമിന്റെ മുൻവശത്ത് രേഖപ്പെടുത്തേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയത് തീയതി വെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടെണ്ടർ ഫോമിൽ ആരും തന്നെ സാക്ഷ്യപ്പെടുത്തിയില്ല.

2. ടെണ്ടറിന്റെ അവസാന പേജിൽ "for officers use only" എന്ന ഭാഗത്ത് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കും മറ്റ് കാര്യങ്ങളും രേഖപ്പെടുത്തിയില്ല. കൂടാതെ സാക്ഷ്യപ്പെടുത്തലിൽ തീയതി ഇല്ലാത്തത് കാരണം ടെണ്ടർ സ്വീകരിച്ച തീയതി വ്യക്തമല്ല. ആയതിനാൽ ടെണ്ടറിന്റെ തുടർ നടപടികൾ യഥാസമയം നിർവ്വഹിച്ചിട്ടുണ്ടോ എന്ന് അറിയാൻ കഴിയുന്നില്ല.

3. സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയില്ല.

4. ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റിൽ നിബന്ധനകൾ എഴുതിച്ചേർക്കുന്നില്ല

5. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി അസിസ്റ്റന്റ് എഞ്ചിനീയർ ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയുണ്ട്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം അടക്കം ചെയ്തില്ല.

മേൽ അപാകങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-20 ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല.

06.08.2012 ലെ സ.ഉ (കൈ) നം. 212/2012/തസ്വഭവ ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ ആണ്

ആസ്തിരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആവശ്യമുള്ളപക്ഷം യോഗ്യരായവരെ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാവുന്നതാണെന്ന് ജി.ഒ (ആർ.ടി) 59/2012/ തസ്വഭവ/ 06.01.2012 ൽ സൂചിപ്പിക്കുന്നു. എഞ്ചിനീയർമാരും ഓവർസിയർമാരും, ആവശ്യമെങ്കിൽ മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവെച്ച് മറ്റ് ഉദ്യോഗസ്ഥരുടെയും മെമ്പർമാരുടെയും സഹായത്തോടുകൂടി 31.03.2013 വരെ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണെന്ന് 18.07.2013 ലെ സ.ഉ (കൈ)നം.255/2013/തസ്വഭവ ലും നിഷ്കർഷിക്കുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 15.09.2018 ലെ ജെ-1- 21237/18 നം. സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 25.09.2018 ന് ചേർന്ന ഭരണസമിതി യോഗം പ്രസ്തുത സർക്കുലർ വായിച്ച് അംഗീകരിക്കുകയും രജിസ്റ്റർ കാലികമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രജിസ്റ്റർ കാലികമാക്കിയില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയറും പഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചു.

വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, എന്നിവയുടെ ഒരു യോഗത്തിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഉണ്ടായില്ല. ഭരണസമിതി യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയതുമില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടാത്ത പക്ഷം അതിർത്തി/ ഉടമസ്ഥ തർക്ക വ്യവഹാരത്തിന്മേൽ നിയമപരമായ പ്രയാസങ്ങൾ പഞ്ചായത്തിന് നേരിടേണ്ടതായി വരും. നിർമ്മാണം പൂർത്തിയാകുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങളും ആസ്തി രജിസ്റ്ററും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-21 അങ്കണവാടി - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സുരക്ഷ ഉറപ്പുവരുത്തുന്നതിലെ അലംഭാവവും

ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിലെ അങ്കണവാടികളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ICDS സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അങ്കണ വാടിയുടെ പേര് | സെന്റർ നം. | കുട്ടികളുടെ എണ്ണം | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് | കെട്ടിടം (സ്വന്തം/ സൗജന്യം /വാടക) | കുടിവെള്ള സൗകര്യം (കിണർ /പൈപ്പ് കണക്ഷൻ) | ശുചി മുറി | വൈദ്യുതി ( ഉണ്ട്/ ഇല്ല) | ചുറ്റു മതിൽ | ഗ്യാസ് കണ ക്ഷൻ |
|---|---|---|---|---|---|---|---|---|---|---|
| 1 | നിരപ്പൻകുന്ന് | 53 | 12 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | വട്ടക്കുനി | 54 | 27 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | തിരുമംഗലത്ത് | 55 | 18 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | പെരിങ്ങളത്ത് പൊയിൽ | 56 | 18 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | തടത്തിൽ മുക്ക് | 57 | 13 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 6 | ചാനിയം കടവ് | 58 | 10 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | ഓട്ടുവയൽ | 59 | 13 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 8 | മഞ്ചേരിക്കുഴി ച്ചാലിൽ | 60 | 12 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | കാഞ്ഞോട്ട് മീത്തൽ | 61 | 6 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | തെക്കുംമുറി | 62 | 10 | ഇല്ല | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11 | കണ്ടിയിൽ താഴെ | 63 | 12 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | ഉളുശ്ശേരി മീത്തൽ | 64 | 9 | ഇല്ല | അടുത്ത വീട് | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 13 | വീവേഴ്സ് സൊസൈറ്റി | 65 | 16 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 14 | അയോൽ പ്പടി | 66 | 14 | ഇല്ല | സ്വന്തം | പൈപ്പ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | കുട്ടോത്ത് | 67 | 18 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | എടക്കയിൽ | 68 | 23 | ഇല്ല | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 17 | പടിഞ്ഞാറെ ക്കര | 69 | 12 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 18 | ആവളനട | 70 | 7 | ഇല്ല | സ്വന്തം | അടുത്തവീട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 19 | പെരിഞ്ചേരി ക്കടവ് | 71 | 6 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഇല്ല (പ്രവൃത്തി നടക്കുന്നു) | ഉണ്ട് |
| 20 | പുത്തൂർ കടവ് | 72 | 8 | ഇല്ല | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 21 | ഏറോത്ത് താഴെ | 73 | 12 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 22 | ചുള്ളി യോത്ത് | 74 | 10 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 23 | കാരയാട്ട് കുന്ന് | 75 | 11 | ഇല്ല | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 24 | തെങ്ങുള്ള മലയിൽ | 76 | 9 | ഇല്ല | വാടക | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 25 | ആഞ്ഞാം കുന്ന് | 77 | 19 | ഇല്ല | സ്വന്തം | സ്കൂൾ കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 26 | തവരാത്ത് കുന്ന് | 78 | 12 | ഇല്ല | സ്വന്തം | അടുത്ത വീട് | ഉണ്ട് | ഇല്ല | ഇല്ല (പ്രവൃത്തി നടക്കുന്നു) | ഉണ്ട് |
| 27 | കോവുപ്പുറം | 169 | 12 | ഇല്ല | വാടക | അടുത്ത വീട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

**<u>സംക്ഷിപ്തം</u>**

| | |
|---|---|
| ആകെ അംഗൻവാടികൾ | 27 |
| സ്വന്തം കെട്ടിടമില്ലാത്തത് | 3 |
| ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 27 |
| വൈദ്യുതിയില്ലാത്തത് - | 1 |
| കുടിവെള്ളസൗകര്യം ഇല്ലാത്തത് | 11 |
| ശുചിമുറി ഇല്ലാത്തത് | |
| ചുറ്റുമതിൽ ഇല്ലാത്തത് | 9 |

**<u>ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു</u>**

സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയതി .22.03.2011 പ്രകാരം എല്ലാ വർഷവും മെയ് 10-

നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 27 അങ്കണവാടികളിൽ ഒരെണ്ണത്തിന് പോലും 2018-19 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ സുരക്ഷിതമായ കെട്ടിടങ്ങളിലാണ് അങ്കണവാടികൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ഇവയിൽ തന്നെ ക്രമ നം(12) തുളുശ്ശേരിമീത്തൽ അംഗൻവാടി(സെന്റർ നം. 64) ,കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ തൊട്ടടുത്തവീട്ടിലേക്ക് മാറ്റിയതാണ്.

<u>ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത</u>

മേൽ പട്ടിക പ്രകാരം ആകെയുള്ള 27അങ്കണവാടികളിൽ 2 എണ്ണം വാടകക്കെട്ടിടത്തിലും, ഒന്ന് കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ തൊട്ടടുത്ത വീട്ടിലുമാണ് പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ, കോവുപ്പുറം, തെങ്ങുള്ള മലയിൽ എന്നീ അങ്കണവാടി കെട്ടിടങ്ങളുടെ കാര്യത്തിൽ സ്ഥലവും കെട്ടിടവും ഇല്ലായ്മ അതീവ ഗുരുതര പ്രശ്നമായും, 27 അങ്കണവാടികളുടെയും കെട്ടിടനവീകരണവും ഭൗതികസാഹചര്യങ്ങളും ഗുരുതര പ്രശ്നമായും പരാമർശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഈ അങ്കൻവാടികൾക്കായി സ്ഥലം വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടുണ്ട് എന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 24 അങ്കണവാടികളിൽ 9 എണ്ണത്തിൽ കുടിവെള്ള സൗകര്യമില്ല. ഇവിടുത്തേക്കുള്ള വെള്ളം തൊട്ടടുത്തുള്ള വീടുകളിൽ നിന്നാണ് എത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 2 അങ്കണവാടികളുടെയും അവസ്ഥ ഇത് തന്നെയാണ്. സെന്റർ നം.77, ആഞ്ഞാംകുന്ന് അങ്കണവാടിയിലേക്കുള്ള കുടിവെള്ളം സ്കൂൾ കിണറിൽ നിന്നും എടുക്കുന്നു. മറ്റ് അങ്കണവാടികൾ ജലനിധി പദ്ധതിയുടെയും മറ്റ് കുടിവെള്ള പദ്ധതികളുടെയും പൈപ്പ് ലൈൻ വഴി കുടിവെള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്വന്തം കെട്ടിടമുള്ള 24 അംഗൻവാടികളിൽ 5 അങ്കണവാടികൾക്കും, വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയിൽ 3 അങ്കണവാടികൾക്കും ചുറ്റുമതിലുമില്ല. പെരിഞ്ചേരിക്കടവ് അങ്കണവാടിയുടെ ചുറ്റുമതിൽ നിർമ്മാണപ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ മേഖലയിലെ ചുമതലയാണ് അങ്കണവാടികൾ നടത്തുക എന്നത്. സ.ഉ(കൈ)11/2018/തസ്വഭവ തീ. 29.01.2018 , പതിമൂന്നാം പദ്ധതി മാർഗരേഖ ഖണ്ഡിക 7.8.2(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതികസാഹചര്യങ്ങൾ ഒരുക്കി ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ഗ്രാന്റ് പേരന്റിംഗ് - പ്രൊജക്ടിൽ പരാമർശിക്കാത്ത പ്രവൃത്തിക്ക് തുക വിനിയോഗിച്ചതും മറ്റ് അപാകതകളും

വയോജനക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം വച്ച് നടപ്പാക്കിയ മേൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. : 30/2019

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(പി.എച്ച്. സി)

വകയിരുത്തിയ തുക : 1,50,000/-(വികസനഫണ്ട് സാധാരണ വിഹിതം)

ചെലവഴിച്ച തുക : 1,00,699/-(ബിൽ നം. 21/23.032019)

എല്ലാ മാസവും ഒരു നിശ്ചിത ദിവസം അങ്കണവാടികളിൽ വെച്ച് അതത് പ്രദേശത്തെ വൃദ്ധജനങ്ങളുടെ പ്രഷർ, ഷുഗർ പരിശോധന, ആരോഗ്യ പരിപാലനത്തിൽ ബോധവത്കരണം എന്നിവ സംഘടിപ്പിക്കുന്നതിനാണ്

പദ്ധതി തയ്യാറാക്കിയത്. ഷുഗർ പരിശോധനയ്ക്കാവശ്യമായ ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്സ്(100 എണ്ണം വീതം), പ്രഷർ പരിശോധനയ്ക്കാവശ്യമായ ഡിജിറ്റൽ ബി. പി അപ്പാരറ്റസ് എന്നിവ വാങ്ങി ഗ്രാമ പഞ്ചായത്തിലെ 27 അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ടെണ്ടർ നടപടി പ്രകാരം സ്റ്റാൻഡേർഡ് സർജിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് മേൽ പരാമർശിച്ച ഉപകരണങ്ങൾ(ഗ്ലൂക്കോമീറ്റർ 27 എണ്ണം, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്സ്(2700 എണ്ണം), ബി.പി അപ്പാരറ്റസ് 27 എണ്ണം) വാങ്ങിയത് (പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം. 2/19 തീ. 21.02.2019). ഇതിനായി 1,00,699/- രൂപ ചെലവഴിച്ചു.

പ്രൊജക്ട് പരിശോധിച്ചതിൽ, ഇത്തരമൊരു വാങ്ങൽ നടപടിയെക്കുറിച്ചുള്ള വിവരങ്ങൾ പ്രൊജക്ടിൽ പരാമർശിച്ചിട്ടില്ല. പകരം, നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്ന കോളത്തിൽ 'വൃദ്ധജനങ്ങളുടെ പ്രഷർ, ഷുഗർ പരിശോധന' എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ കൂടാതെ, കുട്ടോത്ത്, മുയിപ്പോത്ത്, എടക്കയിൽ എന്നിവിടങ്ങളിലായി സബ്സെന്ററുകൾ ഉണ്ട്. ഇത്തരത്തിലുള്ള പരിശോധനകൾ സബ്സെന്ററുകളിൽ നടത്താമെന്നിരിക്കേ ഉപകരണങ്ങൾ അങ്കണവാടികൾക്ക് കൈമാറിയതിന്റെ കാരണവും, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾക്ക് ഇത്തരംപരിശോധനകൾ നടത്തി തുടർ ചികിത്സ നിർദ്ദേശിക്കുന്നതിന് വൈദഗ്ദ്യം സിദ്ധിച്ചിട്ടില്ലാത്ത സാമൂഹ്യക്ഷേമ മേഖലയിലെ അംഗൻവാടി വർക്കേഴ്സിനെ ഉപയോഗിച്ചതിന്റെ സാഹചര്യവും വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ ഡിജിറ്റൽ രൂപത്തിലുള്ള ഇത്തരം ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് അംഗൻവാടി ടീച്ചർമാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തി പരിശോധനാ ഫലങ്ങൾ ചികിത്സയുമായി ബന്ധപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതിന് ഇത്തരം സംവിധാനങ്ങൾ ഫലപ്രദമാവുന്നില്ല.

## 1-23 ഭൂമി ഏറ്റെടുക്കൽ - തുടർ നടപടികൾ സ്വീകരിച്ചില്ല – ആവശ്യകത വ്യക്തമല്ല

ഫയൽ നം. എ5-4673/16

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര – ചെറുവണ്ണൂർ - വടകര റോഡിൽ കുറുങ്ങോട്ട് താഴെ സ്ഥിതിചെയ്യുന്ന സർവ്വെ നമ്പർ 120/2 ൽപ്പെട്ട 25.11 ആർ ഭൂമിയിൽ നിന്ന് 37 സെന്റ് സ്ഥലം പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾക്ക് വേണ്ടി സൗജന്യമായി വിട്ടുതരാൻ ഒരുക്കമാണെന്ന് ശ്രീ. എം. രാജീവൻ, മഞ്ചേരി കൊണ്ടയാട്ട് എന്നവർ 01.09.2016 ന് കത്ത് മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ഭരണസമിതിയുടെ 03.09.2016 ലെ 111/16 ാം നമ്പർ തീരുമാന പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികളെടുക്കാൻ തീരുമാനിച്ചു. അനുയോജ്യത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസറിൽ നിന്നുള്ള കൈവശ സർട്ടിഫിക്കറ്റ്, ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ടൈറ്റിൽ സർട്ടിഫിക്കറ്റ് മറ്റ് ബന്ധപ്പെട്ട രേഖകൾ സഹിതം 07.11.2017 ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ചു. ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റിലും ആധാരത്തിലും മേൽപറഞ്ഞ 120/2 ൽപ്പെട്ട ഭൂമി നഞ്ചയാണെന്ന് കാണിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ 30.06.2018 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ (നമ്പർ എ5 – 3251/17) ഭൂമി ഏതാവശ്യത്തിനാണ് ഏറ്റെടുക്കുന്നതെന്ന് അപേക്ഷയിലോ ഭരണസമിതി തീരുമാനത്തിലോ വ്യക്തമാക്കിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നു. കൂടാതെ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ നേരിട്ട് സ്ഥലം പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം വയൽ പ്രദേശമായി കാണുന്നെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ മേൽ കത്തിൽ നഞ്ച വിഭാഗത്തിൽപ്പെട്ട ഭൂമി ഏതാവശ്യത്തിനാണ് ഏറ്റെടുക്കുന്നതെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കുന്നതിനും ഡാറ്റ ബാങ്കിൽ ഉൾപ്പെടുന്നതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയതിന് തുടർ നടപടികൾ സ്വീകരിച്ചില്ല.

പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 30.06.2018 ലെ കത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള മറുപടി സമർപ്പിക്കാത്തതിന്റെ കാരണം, ഭൂമി ഏറ്റെടുക്കൽ നടപടി വൈകുന്നതിന്റെ കാരണം, നഞ്ചയാണെങ്കിൽ തന്നെ,

സൗജന്യമായി വിട്ടുനൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള തടസ്സം എന്നിവയ്ക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/17.03.2020) ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടിയിൽ പഞ്ചായത്തിന് കളിസ്ഥലം ഒരുക്കുന്നതിന് വേണ്ടിയാണ് കക്ഷി സൗജന്യമായി വിട്ടുതരാൻ തയ്യാറായതെന്നും പ്രസ്തുത ഭൂമി നഞ്ച ആയതിനാൽ സ്ഥലം നികത്തി കളിസ്ഥലമൊരുക്കുന്നത് അനുയോജ്യമല്ലെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടു എന്നും സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ താഴെ പറയുന്നവയ്ക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1. സൗജന്യമായി വിട്ടുനൽകിയ ഭൂമി നഞ്ചയാണെന്നും ആയത് കളിസ്ഥലത്തിന് അനുയോജ്യമല്ലെന്നുമുള്ള കാര്യം 01.09.2016 ന് തന്നെ ബോധ്യമുണ്ടായിട്ടും നടപടി സ്വീകരിക്കാൻ വൈകിയതിന്റെ കാരണം.

2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 30.06.2018 ലെ കത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള മറുപടി സമർപ്പിക്കാത്തതിന്റെ കാരണം.

3. നഞ്ചയാണെങ്കിൽ തന്നെ, സൗജന്യമായി വിട്ടുനൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള തടസ്സം.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11.07.2019 - 12.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(13) തീ. 02.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1100000 | നെൽകൃഷിക്ക് കൂലി ചെലവ്,വിത്ത് വിതരണം | 1100000 | --- |
| ജില്ലാപഞ്ചായത്ത് | 2018-19 | 338557 | ലൈഫ് ഭവനപദ്ധതി - ജനറൽ | 290000 | 48557 |
| ജില്ലാപഞ്ചായത്ത് | 2018-19 | 3,80,076/- | ലൈഫ് ഭവനപദ്ധതി- എസ്.സി | 380000 | 76 |
| ബ്ലോക്ക്പഞ്ചായത്ത് + ജില്ലാപഞ്ചായത്ത് | 2018-19 | 100000 +100000 | ഭിന്നശേഷി- സ്കോളർഷിപ്പ് | 200000 | ---- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെയും അവ ക്രമീകരിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | രാവറ്റ മംഗലം ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റി | മഞ്ചരിക്കുന്ന് കുഴിച്ചാലിൽ മുക്ക് റോഡ് | 18160652025600856789 | 120000 | 30000 | 90000 |
| 2. | | ആവള ഹൈസ്കൂൾ ഒതയച്ച കണ്ടി റോഡ് | 18160652025600856791 | 430000 | 107500 | 322500 |
| 3. | | വടക്കെ പറമ്പിൽ കാട്ടുകുളങ്ങര റോഡ് | 18160652025600856792 | 400000 | 100000 | 300000 |
| 4. | | തോട്ടുമുറി കാരയിൽ നട റോഡ് | 18160652025600856794 | 100000 | 25000 | 75000 |
| 5. | | കാഞ്ഞീരാട്ട് മുക്ക് - നീറ്റുരുത്തി പുത്തൂർക്കടവ് റോഡ് | 18160652025600856799 | 300000 | 75000 | 225000 |
| 6. | | പള്ളിമുക്ക് ആഞ്ഞാംകുന്ന് റോഡ് | 18160652025600856608 | 300000 | 75000 | 225000 |
| 7. | | ചെട്ട്യാം കണ്ടി ആഞ്ഞാംകുന്ന് റോഡ് | 18160652025600856609 | 250000 | 62500 | 187500 |
| 8. | | പൂതക്കണ്ടി പാറച്ചാൽ താഴ റോഡ് | 18160652025600856625 | 285000 | 71,250 | 2,13,750 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 646/2010 തീയതി : 25.02.2010 | ---- | 25,60,473 | 13,36,350 | --- | 1224123 |
| ലൈഫ് ഭവന പദ്ധതി | 68/2018 തീയതി : 18.05.2018 | 6283880 | ----- | ---- | --- | 6283880 |

## 4-5 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2003-04 | 11.13.1.23 | ഓട്ടോഡ്രൈവിംഗ് പരിശീലനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ ആണ് |
| 1999-00 | | 2004-05 | 11.1.3.13 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് അഴുക്കുചാൽ | |
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | |
| 2000-01 | | 2004-05 | 11.1.3.45 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 5 | 2004-05 | 11.1.4.5 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2000-01 | | 2005-06 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| 2001-02 | 3-1 | 2005-06 | 2.70.1.7.1 | RMF ഔദ്യോഗിക രശീതി ഇല്ല | |
| 2000-01 | ഭാഗം-1 | 2005-06 | 2.70.1.11.2 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണിക്കാനിരിക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ചു | |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,48,25,018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,22,83,133രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,00,000 രൂപ |

**(ബി).** ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 6,00,000 | ഷാജി. കെ, വി.ഇ.ഒ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജി.കെ, വി.ഇ.ഒ | വി.ഇ.ഒ<br>കൊല്ലംകോട് ഗ്രാമപഞ്ചായത്ത്<br>പാലക്കാട് | കുനിയിൽ ഹൗസ്<br>മടപ്പള്ളി കോളജ് (പി.ഒ)<br>വടകര |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി2/961/00 തീയതി 31.03.2000 | 15,19,24,31 |
| 1997-98 | എൽ.എഫ്.എസ്.1/771/01/ തീയതി 26.03.2001 | 5,6,7,8,9,10,11,12,13, 14, 15, 16, 17, 18, 20,21, 22, 23, 24 |
| 1998-99 | എൽ.എഫ്. പി2/732/03 തീയതി : | 7, 12, 17, 18, 19, 20, 21, 23, 24, 25, 26, 27, 28 |

| | | |
|---|---|---|
| | 31.12.2003 | |
| 1999-00 | എൽ.എഫ്. പി4/1344/09 തീയതി : 10.03.2010 | 29, 32, 41 |
| 2000-01 | എൽ.എഫ്. പി4/743/12 തീയതി : 11.06.2012 | 3-2, 3-4, 3-5, 3-6, 3-7 |
| 2001-02 | എൽ.എഫ്. പി4/744/12 തീയതി : 11.06.2012 | 2-5, 2-6, 2-7, 2-8, 3-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്.2b /1011/05 തീയതി : 06.07.2016 | 2-1 മുതൽ 2-26 വരെ |
| 2003-04 | എൽ.എഫ്. പി4/74/2010 തീയതി : 31.03.2010 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 4-1 |
| 2004-05 | എൽ.എഫ്. പി4/746/2012 തീയതി : 11.06.2012 | 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2005-06 | എൽ.എഫ്.പി4/1218/08 തീയതി : 05.01.2019 | 2-1 മുതൽ 2-7 വരെ, 3-1 മുതൽ 3-12 വരെ |
| 2006-07 | എൽ.എഫ്. പി4/746/12 തീയതി : 11.06.2012 | 1-5, 1-7, 2-2, 3-1, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി4/114/15 തീയതി : 31.032015 | 2-1, 2-2, 2-3, 2-4, 2-5, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 310, 3-13, 3-16, 3-18, 3-19, 3-20, 3-21, 3-22 |
| 2008-09 | എൽ.എഫ്.പി4/749/12/ തീയതി :25.07.12 | 2-2, 3-1, 3-2, 3-6, 3-7(1), 3-11, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21 |
| 2009-10 | എൽ.എഫ്.പി4/749/12/ തീയതി 25.07.12 | 1-1 മുതൽ 1-6 വരെ, 2-1 മുതൽ 2-7 വരെ, 3-1, 3-1 (2), 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-22, 3-23, 4-3, 4-7 |
| 2010-11<br>2011-12 | എൽ.എഫ്.പി4/11/13 തീയതി : 21.08.2013 | 1-1, 2-3, 2-4, 3-1 മുതൽ 3-17 വരെ, 3-20, 3-21 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി 4/906/17 തീയതി : 08.05.2017 | 1-2, 1-3, 2-1, 2-2, 2-3, 2-4, 3-1, 3-2, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 4-1, 4-2, 4-4 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി 4/1209/17 തീയതി : 16.05.2017 | 1-3, 2-1, 3-1, 3-3, മുതൽ 3-18 വരെ, 4-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി 4/2075/16 തീയതി : 30.11.2016 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5 മുതൽ 3-21 വരെ |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി 4/38/2018 തീയതി : 28.02.2018 | 2-1, 2-4 മുതൽ 2-10 വരെ, 3-1, 3-2, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി 4/843/2019 തീയതി : 26.07.2019 | 1-12(2), 1-12(3), 1-12(4), 1-12(5), 1-12(6), 1-12(8), 1-12(9), 1-12(10), 1-12(11), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15(1), 3-15(3), 3-17, 3-18, 3-19, 3-20, 3-21, 4-3 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം.1

നം:കെ.എസ്.എ.കെ.കെ.ഡി.പി9./365 /2020 തിയ്യതി:12.05.2020

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.